# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3576 15.07.2015-ൽ മറുപടിയ്ക്ക്**

<u>ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ.: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2014-15, 2015-16 വർഷങ്ങളിൽ, ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കുവാനാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാ ണെന്നും വിശദമാക്കാമോ ;<br><br>(ബി) ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി സർക്കാർ തുടരുന്നുണ്ടോ ;<br><br>(സി) ഈ പദ്ധതിയിലേയ്ക്ക് 201516 വർഷത്തേയ്ക്ക് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം കുളങ്ങൾ തെരഞ്ഞെടുത്തി ട്ടുണ്ടെന്നും നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | (എ),(ബി)&(സി)<br><br>2014-15 വർഷത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം പഞ്ചായത്തിലെ നാറാണത്തു ചിറയുടെ പുനരുദ്ധാരണത്തിനായി 20.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. മറ്റ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2015-16 വർഷത്തിൽ നൽകിയ ലിസ്റ്റിൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ ലിസ്റ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതു ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ